# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025-26

# എ. എം. യു. പി സ്കൂൾ

# എടക്കുളം

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ മേഖലയിൽ നവ ചൈതന്യം സൃഷ്ടിക്കുന്നു. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസനിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുമാത്രമേ അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാവൂ. ഇതിനുവേണ്ടിയാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

## ചരിത്രം

മലപ്പുറം ജില്ലയിലെ മാമാങ്ക സ്മരണകൾ അയവിറക്കുന്ന നിള നദിക്കരയിൽ എടക്കളം എന്ന കൊച്ചു ഗ്രാമത്തിൽ വെള്ളാടത്ത് പടിഞ്ഞാറേതിൽ ജനാബ് മമ്മസൻ സാഹിബിന്റെ നേതൃത്വത്തിൽ 1938-ൽ സ്ഥാപിതമായ ഹയർ എലിമെൻററി സ്കൂളാണ് ഇന്നത്തെ എടക്കുളം എ. എം. യു. പി സ്കൂൾ. വിദ്യാലയത്തിലെ ഇപ്പോഴത്തെ മാനേജർ വെള്ളാടത്ത് പടിഞ്ഞാറേതിൽ ഹുസൈൻ എന്ന കുഞ്ഞുമോനാണ്. ദീർഘവീക്ഷണത്തോടെയുള്ള അദ്ദേഹത്തിൻറെ പ്രവർത്തനം വിദ്യാലയത്തിന് മുതൽക്കൂട്ടാണ്. 5, 6, 7, ഡിവിഷനുകളിലായി ഇവിടെ 268 വിദ്യാർത്ഥികളും പ്രധാനാധ്യാപകനടക്കം 15 അധ്യാപകരും ഒരു പ്യൂണും ജോലി ചെയ്യുന്നുണ്ട്.

സർക്കാർ വിവിധ സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസരിച്ചുള്ള സ്കോളർഷിപ്പുകൾ ടെക്സ്റ്റ് ബുക്കുകൾ യൂണിഫോമുകൾ ഉച്ചഭക്ഷണം തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം കുട്ടികൾക്ക് എത്തിച്ചു നൽകുന്നുണ്ട്.

വിവിധതരം വിദ്യാർഥികളുടെ പഠനമികവും പിന്നെ പാവസ്ഥയും തിരിച്ചറിഞ്ഞ് പ്രത്യേക സമയങ്ങളിൽ അവർക്കുള്ള പരിശീലനം കാലാകാലങ്ങളായി ഇവിടെ നൽകുന്നു. വിദ്യാരംഗം, കലാസാഹിത്യ വേദി, ഹരിത ക്ലബ്ബ്, വിവിധ ഭാഷാ വേദികൾ, ഗണിതശാസ്ത്ര സാമൂഹ്യ ക്ലബ്ബുകൾ ഇവിടെ സജീവമാണ്.

## നിലവിലെ അവസ്ഥ

### നേട്ടങ്ങൾ

ഏഴുപതിറ്റാണ്ടിലേറെ പഴക്കമുള്ള ഈവിദ്യാലയത്തിൽ നിന്നും അനേകം തലമുറകൾ അറിവിന്റെ വെളിച്ചവുമായി സമൂഹത്തിന്റെ യും രാജ്യത്തിന്റെയും വിവധ മേഖലകളിൽ എത്തിയിട്ടുണ്ട്. വിദ്യാരംഭം മുതൽ തന്നെ പഠനപഠനേതര വിഷയങ്ങളിൽ വളരെ മികച്ച പ്രകടനമാണ് ഈ വിദ്യാലയം കാഴ്ച്ച വെച്ചിട്ടുള്ളത്.

### പരിമിതികൾ

വർദ്ധിച്ചുവരുന്ന അൺ എയ്ഡഡ് വിദ്യാലങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യസത്തോടുള്ള അമിത താത്പര്യം സ്വന്തമായ വാഹനമില്ലാത്തഅവസ്ഥ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് ഞങ്ങൾ നേരിടുന്ന പരിമിതികൾ.

### സാധ്യതകൾ

രക്ഷകർത്ര ശാക്തീകരണം, ബോധവത്കരണം, സമൂഹത്തിന്റെ പിൻതുണ തേടൽ, പൂർവ്വവിദ്യാർത്ഥി-അധ്യാപകസംഗമ പ്രവർത്തനങ്ങൾ, ഫലപ്രദമായ അക്കാദമിക് പ്രവർത്തനങ്ങൾ, മാനേജ്മെന്റ് സഹായം ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പൽ വാഹനസൗകര്യം ലഭ്യമാക്കൽ എന്നിവയിലൂടെ ഈ അവസ്ഥ പരിഹരിക്കാമെന്നാണ് ഞങ്ങളുടെ വിശ്വാസവും പ്രതീക്ഷയും. കഴിഞ്ഞ അധ്യയന വർഷം 3 കുട്ടികൾക്ക് യൂ എസ് എസ് കിട്ടിയത് ഇതിന്റെ തെളിവാണ്. അർപ്പണമനോഭാവത്തോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിച്ചുകൊണ്ട് ഈ വിദ്യാലയത്തെ മുൻ നിരയിലെത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

# ഭൗതിക സാഹചര്യങ്ങൾ

| | | |
|---|---|---|
| ക്ലാസ് മുറികളുടെ ലഭ്യത | : | 22 |
| ഓഫീസ് റൂം (ഓട് മേഞ്ഞത്) | : | 1 |
| ലൈബ്രറി റൂം | : | 1 |
| കമ്പ്യൂട്ടർ റൂം | : | 1 |
| ലാബ്. | : | 1 |
| ആൺകുട്ടികളുടെ മൂത്രപ്പുര | : | 11 |
| പെൺകുട്ടികളുടെ മൂത്രപ്പുര | : | 7 |
| ക്ലാസ് റൂം | : | 22 |

ഒരു പി. കെ. ഇ. ആർ ഉൾപ്പെടെ 5 കെട്ടിടങ്ങളിലായി ആണ് വിദ്യാലയം പ്രവർത്തിക്കുന്നത്.

കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വിദ്യാഭ്യാസ ഗുണവും തുല്യതയും എന്ന പൊതു പ്രമേയത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾളാക്കുന്നതിന് സഹായകമായ അനുഭവങ്ങളും ആശയങ്ങളുമാണ് ഇവിടെ ക്രോഡീകരിക്കുന്നത്. 26/05/2025 ൽ നടന്ന എസ്. ആർ. ജി യോഗത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചർച്ച നടന്നു മെയ് 30 നു മുൻപ് തയ്യാറാക്കി ഡിടിപി എടുത്തു ജൂൺ രണ്ടിന് ഇതിന്റെ പ്രഖ്യാപനം നടത്താൻ തീരുമാനിച്ചു. 29/05/ 2024 ന് വീണ്ടും എസ്. ആർ. ജി യോഗം കൂടുകയും അതിൻറെ കരട് രൂപം തയ്യാറാക്കാൻ തീരുമാനിച്ചു. മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഒരു അഞ്ചംഗ സമിതിയെ തെരഞ്ഞെടുത്തു ഓരോ വിഷയത്തിനും ചുമതലപ്പെടുത്തി മെയ് 30 ആയപ്പോഴേക്കും അവർക്കു ലഭിച്ച വിഷയങ്ങൾ എല്ലാവരും എഴുതി തയ്യാറാക്കി എസ്. ആർ. ജിയിൽ അവതരിപ്പിച്ചു. അതിന് ചെറിയ മാറ്റങ്ങൾ വരുത്തി ഡിടിപി തയ്യാറാക്കി.

# പ്രോജക്റ്റ്

## *ഞങ്ങളുണ്ട് കൂടെ*

കുട്ടികളുടെ പഠനശേഷികൾ വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള പഠന പദ്ധതിയാണ് ***'ഞങ്ങളുണ്ട് കൂടെ'***. ഈ പദ്ധതിയിലൂടെ ഓരോ ക്ലാസിലും കുട്ടികൾ നേടിയെടുക്കേണ്ട പഠനശേഷികൾ നേടിയെടുക്കാൻ പ്രാപ്തരാക്കുകയാണ് ലക്ഷ്യമിടുന്നത് യു.എസ്.എസ് പോലുള്ള സ്കോളർഷിപ്പ് പരീക്ഷയിൽ 5,6,7 ക്ലാസുകളിലെ കുട്ടികളെ പ്രാപ്തരാക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കാനും ഉള്ള ശ്രമം കൂടി ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. അങ്ങനെ സ്കൂളിലെ മുഴുവൻ കുട്ടികളെയും മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റാനുള്ള സംരംഭമാണ് ***'ഞങ്ങളുണ്ട് കൂടെ'.***

### പൊതു ലക്ഷ്യങ്ങൾ

1. എല്ലാവർക്കും എഴുത്തും വായനയും
2. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക
3. എല്ലാ 203 നേട്ടങ്ങളും ഓരോ കട്ടിയും ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുക
4. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക
5. ദൈനംദിന ജീവിതം വിഷയങ്ങളുടെപഠനത്തിന് നേടുന്നതിന് കഴിവും വളർത്തുക പരിഹരിക്കുന്നതിനും സഹായിക്കുന്ന ഗണിതശേഷികൾ നേടുന്നതിന് കഴിവ് വളർത്തുക.

## പ്രൊഫൈൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ. എം. യൂ. പി. എസ്, എടക്കുളം |
| ഗ്രാമം | : | തിരുനാവായ |
| ക്ലസ്റ്റർ | : | ജി. എം. യൂ. പി. എസ്, എടക്കുളം |
| പഞ്ചായത്ത് | : | തിരുന്നാവായ |
| ബ്ലോക്ക് | : | തിരൂർ: |
| ജില്ല: | : | മലപ്പുറം |
| ഹെഡ് മാസ്റ്റർ | : | അനിൽ കുമാർ |
| മാനേജർ | : | വി.പി.ഹുസൈൻ |
| പി.ടി.എ പ്രസിഡൻറ് | : | |

## എ. എം. യു. പി. എസ്. എടക്കുളം

### 2024-2025 അക്കാദമിക വർഷത്തെ അദ്ധ്യാപകരുടെ ചുമതലകൾ.

| | |
|---|---|
| സ്റ്റാഫ് സെക്രട്ടറി | - അനില പി. കെ |
| എസ് ആർ ജി കൺവീനർ | - റഷീദ കെ.എൻ, രാജേഷ് സി |
| ഉച്ചഭക്ഷണം | - അനില പി. കെ, കൃഷ്ണ പി |
| വിദ്യാരംഗം | - തുളസി പി, ശ്രീവിദ്യ കരുണാകരൻ |
| വിജയഭേരി | - ശ്രീവിദ്യ കരുണാകരൻ |
| ഗാന്ധിദർശൻ | - ശോഭ ടി |
| ലൈബ്രറി | - പ്രദീപ് കുമാർ, ശ്രീഹരി എം. എസ് |
| യു.എസ്.എസ് | - അപർണ്ണ കെ. ബി |
| കായികമേള | - നസീറ സി. വി, രാജേഷ് സി, പ്രദീപ് കുമാർ |
| കലാമേള | - ശ്രീവിദ്യ കരുണാകരൻ , തുളസി പി., |
| വാർഷികം | - രാജേഷ് സി., അനില പി. കെ, കൃഷ്ണ പി |
| ആരോഗ്യം | - കൃഷ്ണ പി |
| ജാഗ്രതാ സമിതി / അച്ചടക്കം | - പ്രദീപ് കുമാർ, രാജേഷ് സി, അനില പി. കെ, റഷീദ കെ. എൻ |
| ഐടി | - അനില പി. കെ, കൃഷ്ണ പി, പ്രദീപ് കുമാർ |
| സൊസൈറ്റി | - അനില പി. കെ, നസീറ സി. വി |
| ഹരിത ക്ലബ് . | - തുളസി പി |
| ശാസ്ത്രരംഗം | - അപർണ്ണ കെ. ബി |
| ജലവിതരണം / ശുചീകരണം | - റഫത്ത്, രവീണ |
| തീയേറ്റർ, ഡോക്യുമെന്റേഷൻ | - കൃഷ്ണ പി, തുളസി പി, ശ്രീഹരി എം. എസ് |
| എഡ്യൂക്കേഷൻ കൺവീനർ | - രേഖ കെ ആർ |
| സ്കൂൾ സംരക്ഷണ സമിതി | - പ്രദീപ് കുമാർ, റഫത്ത്, രവീണ |

## സബ്ജക്റ്റ് കോ ഓർഡിനേറ്റർമാർ

| | |
|---|---|
| ശാസ്ത്രം | - അപർണ്ണ കെ. ബി |
| സാമൂഹ്യ ശാസ്ത്രം | - നസീറ സി.മി. |
| ഗണിതം | - കൃഷ്ണ പി |
| ഉറുദു | - രാജേഷ് സി |
| അറബിക് | - റഷീദ കെ. എൻ |
| മലയാളം | - ശോഭ ടി |
| സംസ്കൃതം | - അനില പി.കെ |
| ഇംഗ്ലീഷ് | - ശ്രീവിദ്യ കരുണാകരൻ |

## ENGLISH

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| Assessment and Feedback: | **Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.**<br><br>**Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.**<br><br>**Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.**<br><br>**Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.**<br><br>**Involve students in self-assessment and reflection activities to promote ownership of their learning process.**<br><br>**Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.**<br><br>**Provide resources and tips for parents on how to support their child's literacy** | **Throughout the year** | **English Teachers** | **English Club** |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities:<br><br>Differentiation and Support: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class.<br><br>Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop Writing Skills .<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches. Listening to and analysing different media sources.<br><br>Interactive grammar games. Structured grammar lessons with examples and practice exercises. Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br><br>February | English Teachers | English Club |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

——————————..........................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

* ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
* ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
* തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
* ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
* ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
* മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
* ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
* വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
* എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
* ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
* ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
* കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
* വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഢോ ആഗെ ബഢോ<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | ഹമാരെ അൽഫാസ്<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | e-ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | ഖസാന-എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | ഹം മിലേം ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| [illegible] | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| [illegible] | ദിനാചരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| [illegible] | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| [illegible] | ഉർദു കെ [illegible] ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**അനില പി.കെ**

UP

**...ഖല – അക്കാദമികം** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

**ലക്ഷ്യങ്ങൾ**

1. ഗണിതത്തെ വിഷമകരമായ ഒരു വിഷയമായാണ് കുട്ടികൾ കാണുന്നത് ഗണിതം വളരെ രസകരവും എളുപ്പൊ മനസ്സിലേക്ക് എത്തിക്കാനും കഴിയും എന്ന ബോധം കുട്ടികളിൽ ഉണ്ടാക്കുക.

2. ഗണിതത്തിൽ കുട്ടികളിലുള്ള പിന്നോക്കം പോക്ക് പരിഹരിക്കുക

3. ചതുഷ്ക്രിയകൾ സ്വായത്തമാക്കാൻ പ്രാപ്തരാക്കുക

4. പ്രശ്നങ്ങളെ അപഗ്രഥിച്ച് നിഗമനത്തിൽ എത്തിക്കുക .

| പ്രവർത്തനങ്ങൾ | സമയം | ഭൗതികം | സാമ്പത്തികം സപ്പോർട്ട് |
|---|---|---|---|
| ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുക അതിനായി കൂടുതൽ ബുദ്ധിമുട്ടില്ലാത്ത ചോദ്യങ്ങൾ നൽകി ടെസ്റ്റ് നടത്തുക. | 1 മാസം | | |
| ഗണിത പഠനോപകരണ നിർമ്മാണ ശില്പശാല | രണ്ട് മാസം | പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ ഒരുക്കുക | പഞ്ചായത്ത്-6000 രൂപ |
| ഗണിത മേള. പല ക്ലാസിലേക്ക് ഉണ്ടാക്കിയതും ഗണിതവുമായി ബന്ധപ്പെട്ട മറ്റ് വസ്തുക്കളുടേയും പ്രദർശനം | രണ്ട് മാസത്തിലൊരിക്കൽ | മേളയ്ക്ക് ആവശ്യമായ സാമഗ്രികൾ | ഗണിത അധ്യാപകർ 1000 |
| ഗണിത കഥ പാട്ട് | 2 മാസം | പുസ്തകങ്ങൾ ലൈബ്രറി | DIET,BRC |
| കണക്കിലെ കളികൾ | എല്ലാ മാസവും ഒന്ന് | പുസ്തകങ്ങൾ | പി ടി എ- 2000 രൂപ |
| ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകുന്നു . | 1 വർഷം | ചിത്രങ്ങൾ, ഐ സി ടി | BRC,LSG RS 3000 |
| ഗണിത സെമിനാർ | 2 മാസം | സെമിനാർ പേപ്പർ,ബാനർ | പഞ്ചായത്ത് 1000 രൂപ |
| ഗണിത ചോദ്യോത്തര പയറ്റ്- കുട്ടികൾ ഉണ്ടാക്കുന്ന ചോദ്യങ്ങൾ | 1 മാസം | ചോദ്യോത്തരങ്ങൾ | |

| പ്രവർത്തനങ്ങൾ | സമയം | ഭൗതികം | സാമ്പത്തികം സപ്പോർട്ട് |
|---|---|---|---|
| ഗണിത നിഘണ്ടു നിർമ്മാണം എല്ലാ ക്ലാസിലേക്കു ആവശ്യമായ ഗണിത നിഘണ്ടു കുട്ടികൾ ഉണ്ടാക്കുന്നു. | വർഷം മുഴുവൻ | ഗണിത നിയമ്മാണത്തിനുള്ള സാഹചര്യ ഒരുക്കൽ. | |
| ഗണിത റിവേഴ്സ് ക്വിസ്സ് | രണ്ട് മാസത്തിലൊരിക്കൽ | സാഹചര്യം ഒരുക്കുന്നു | |
| ഗണിത പ്രോജക്റ്റ് നിർമ്മാണം ചോദ്യാവലി ഉണ്ടാക്കുന്നു പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കുന്നു. | 1 മാസം | പ്രോജക്റ്റ് റിപ്പോർട്ട് | |
| ഗണിത സംവാദം - കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സംവാദങ്ങൾ നടത്തുന്നു | രണ്ട് മാസത്തിലൊരിക്കൽ | ക്ലാസുകളിൽ സാഹചര്യം ഒരുക്കുന്നു | |
| ഗണിത അസംബ്ലി - ഡിസംബർ 22 രാമാനുജൻ ദിനത്തിൽ പൊതുവായ ഗണിത അസംബ്ലി വിളിക്കുകയും അസംബ്ലിയിൽ സാധാരണ നടക്കാറുള്ള പ്രവർത്തനങ്ങൾ ഗണിതവുമായ ബന്ധപ്പെടുത്തി നടക്കുകയും ശ്രീനിവാസ രാമാനുജന്റെ ജന്മ ദിനത്തെക്കുറിച്ചു ജീവചരിത്രത്തെക്കുറിച്ചുമു ള്ള ഒരു ലഘു വിവരണം ഗണിത അധ്യാപകൻ നൽകുകയും ചെയ്യുന്നു. | ഡിസംബർ 22 | | |
| ഗണിത ലാബ് | 1 വർഷം | റൂം ഒരുക്കൽ | പഞ്ചായത്ത് , പി ടി എ 100000,രൂപ |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള അറബി ഭാഷാ പഠനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം:

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല, ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ, അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ) വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

കേവലം ഒരു പാഠ്യവിഷയത്തിനപ്പുറം, അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനൊപ്പം, അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

വിഷൻ (Vision):

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപ്പര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി, അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക.

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

4. കഥപറച്ചിൽ (Storytelling):

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ (Group Activities):

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം (Technology Integration):

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം (Communicative Approach):

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം (Project-Based Learning):

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക (ഉദാഹരണത്തിന്, അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

## മൂല്യനിർണ്ണയം (Assessment):

- തുടർച്ചയായ മൂല്യനിർണ്ണയം (Continuous Assessment): ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- ഫോർമേറ്റീവ് മൂല്യനിർണ്ണയം (Formative Assessment): ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- സമ്മേറ്റീവ് മൂല്യനിർണ്ണയം (Summative Assessment): വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

- നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ: കേൾക്കൽ, സംസാരം, വായന, എഴുത്ത് എന്നീ ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

## അധ്യാപക പരിശീലനം (Teacher Training):

- അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.
- സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഭാഷാ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക.

## പഠനസാമഗ്രികൾ (Learning Materials):

- പാഠപുസ്തകങ്ങൾ
- ഓഡിയോ-വിഷ്വൽ സാമഗ്രികൾ (ചിത്രങ്ങൾ, ഫ്ലാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ)
- ഡിജിറ്റൽ പഠന സഹായികൾ (അറബിക് ആപ്പുകൾ, വെബ്സൈറ്റുകൾ)
- അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)
- നിഘണ്ടുക്കൾ (ഇംഗ്ലീഷ്-അറബിക്, മലയാളം-അറബിക്)
- കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

## പ്രവർത്തന കലണ്ടർ (Activity Calendar) :

- ആഴ്ചതോറും: സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.
- മാസത്തിലൊരിക്കൽ: അറബി ഗാനം/കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ.
- അധ്യായന വർഷത്തിൽ: അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം/ പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

## പ്രതിബന്ധങ്ങളും പരിഹാരങ്ങളും (Challenges and Solutions):

- ❖ വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപ്പര്യക്കുറവ്.
  - ➢ പരിഹാരം: രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.
- ❖ വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ.

- ➢ പരിഹാരം: ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക, അധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

❖ വെല്ലുവിളി: അധ്യാപകർക്ക് പുതിയ പാഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

- ➢ പരിഹാരം: നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

❖ വെല്ലുവിളി: അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.

- ➢ പരിഹാരം: സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബി ഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക.

## ൻ (Mission):

നമായ പാഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് ബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ യോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി കയും ചെയ്യുക.

## ാന ലക്ഷ്യങ്ങൾ (Key Objectives):

1. ശബ്ദജ്ഞാനം **(Phonetics):** അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.
2. പദസമ്പത്ത് വികസിപ്പിക്കൽ **(Vocabulary Expansion):** അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സംഭാഷണ ശേഷി **(Conversational Skills):** ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
4. വായനാശേഷി **(Reading Skills):** ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.
5. എഴുത്തുശേഷി **(Writing Skills):** അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.
6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ **(Basic Grammar):** അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.
7. സാംസ്കാരിക അവബോധം **(Cultural Awareness):** അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives):

### സ് 5:

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.

- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

സ് 6:

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

സ് 7:

- കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.

## രീതികൾ (Pedagogical Approaches):

### ംവേദനാത്മക പഠനം (Interactive Learning):

്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

### ളിയിലൂടെ പഠനം (Play-way Method):

കൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

### ്യ-ശ്രാവ്യ പഠനം (Audio-Visual Aids):

## ഉപസംഹാരം

കേരളസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ ഞങ്ങൾ തയ്യാറാക്കുന്നത്. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള അനുഭവങ്ങളും ആശയങ്ങളുമാണ് ഇവിടെ ക്രോഡീകരിച്ചിട്ടുള്ളത്. പ്രായോഗികമായ അന്വേഷണങ്ങൾ നടത്തുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന വിദ്യാലയങ്ങളാണ് മികവിന്റെ പാതയൊരുക്കുന്നവർ.